കൺസൾട്ടന്റിനെ നിയമിച്ചത് സംബന്ധിച്ച ആരോപണം

18 (166) ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാനിലെ ഓവർസീസ് ഇക്കണോമിക് കോ-ഓപ്പറേറ്റീവ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികളുടെ കൺസൾട്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച് ഉണ്ടായ ആരോപണങ്ങളെപ്പറ്റി ആരെക്കൊണ്ടെങ്കിലും അന്വേഷിച്ചുവോ ;

(ബി) എങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ;

(സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചുവോ ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഉള്ളടക്കം എന്താണ് ;

(ഇ) ആരോപണങ്ങൾ ശരിയായിരുന്നുവെന്ന് അന്വേഷിച്ച അധികാരസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ക്രമക്കേടിന് ഉത്തരവാദികളായവരുടെ മേൽ എന്ത് നടപടി സ്വീകരിച്ചു ;

(എഫ്) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്വേഷിച്ചിട്ടുണ്ട്.

(ബി) ശ്രീമതി മിനി മാത്യു (മുൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി).

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ഒ.ഇ.സി.എഫ് (ഇപ്പോൾ ജെ.ബി.ഐ.സി.) ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരളാവാട്ടർ സപ്ലൈ പ്രോജക്ടിന്റെ രൂപകൽപനക്കും നിർവഹണത്തിനുമായി ഒ. ഇ. സി. എഫ്. മാർഗ്ഗനിർദ്ദേശമനുസരിച്ച് കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ ഹ്രസ്വ ലിസ്റ്റിൽ പിന്നീട് രണ്ട് ജാപ്പനീസ് കമ്പനികളെക്കൂടി ഉൾപ്പെടുത്തിയ നടപടി ക്രമപ്രകാരമായിരുന്നില്ലായെന്നതാണ് അന്വേഷണ റിപ്പോർട്ടിലെ ഉള്ളടക്കം.

(ഇ&എഫ്) കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്കെതിരെ പരാതിയിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾക്ക് വ്യക്തമായ തെളിവില്ലാത്തതിനാൽ അവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly